# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3301 — 19-10-2016-ൽ മറുപടിയ്ക്ക്

### പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ലഭിക്കുന്നതുവരെയുള്ള പഠനസഹായം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. മഞ്ഞളാംകുഴി അലി** | | **ശ്രീ. എ.കെ.ബാലൻ**<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും, നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | സംസ്ഥാനത്ത് നിന്ന് വിദേശ സർവ്വകലാശാലകളിലേക്ക് സ്കോളർഷിപ്പോടെ പ്രവേശനം നേടിയ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ലഭിക്കുന്നതുവരെയുള്ള പഠനം നടത്താൻ കഴിയാത്ത സ്ാഹചര്യം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| ബി) | ഇത്തരം സാഹചര്യമുള്ള വിദ്യാർത്ഥികളെ സഹായിക്കുന്നതിന് പൊതുവിൽ ഏത് രീതി യിലുള്ള സഹായമാണ് നൽകി വരുന്നതെന്ന് വിശദമാക്കുമോ; | ബി) യും സി) യും | വിദേശ സർവ്വകലാശാലകളിൽ പ്രവേശനം നേടിയ പട്ടികജാതി വിദ്യാർത്ഥികൾ സ്ഥാപനമേധാവിയുടെ ശുപാർശയോടെ പട്ടികജാതി വികസന വകുപ്പു ഡയറക്ടർക്കു സമർപ്പിക്കുന്ന വിദ്യാഭ്യാസാനുകൂല്യത്തിനുള്ള അപേക്ഷ ഡയറക്ടർ പരിശോധിച്ച ശേഷം സർക്കാരിലേക്കു ശുപാർശ ചെയ്യുന്ന അപേക്ഷകളിൽ അർഹമായ സാമ്പത്തിക സഹായം അനുവദിക്കുന്നുണ്ട്. |
| സി) | ഇത്തരത്തിലുള്ള വിദ്യാർത്ഥികൾക്ക് സഹായം യഥാസമയം ലഭ്യമാക്കുന്നതിൽ പട്ടികജാതി വികസന വകുപ്പ് വീഴ്ച വരുത്തുന്നതായി ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ എങ്കിൽ ഇത് ഒഴിവാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ